# പതിനാലാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 579 — 28.02.2017- ൽ മറുപടിക്ക്**

## കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കാൻ പദ്ധതി

| ചോദ്യം<br>ശ്രീ.ഇ.കെ.വിജയൻ | ഉത്തരം<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സംസ്ഥാനത്തെ കൈത്തറി വ്യവസായം പുനരുജ്ജീവിപ്പിക്കാൻ പദ്ധതികൾ ആലോചനയിലുണ്ടോ; | (എ) കൈത്തറി മേഖലയെ സംരക്ഷിക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ചുവടെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br>1) കൈത്തറി മേഖലയുടെ ഉൽപാദനവും വിപണനവും വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതി.<br>2) നെയ്ത്തുകാർക്ക് വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുള്ള പദ്ധതി.<br>3) നെയ്ത്തുകാർക്കും അനുബന്ധ തൊഴിലാളികൾക്കുമുള്ള പ്രചോദന പരിപാടി.<br>4) കൈത്തറി തൊഴിലാളികൾക്കുള്ള പ്രോത്സാഹന ധനസഹായ പദ്ധതി.<br>5) കൈത്തറി സംഘങ്ങളുടെ ആധുനികവത്ക്കരണവും മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ പ്രോത്സാഹനത്തിനുമുള്ള പദ്ധതി.<br>6) വിപണന കയറ്റുമതി പ്രോത്സാഹന പദ്ധതി.<br><br>സംസ്ഥാനത്തെ സർക്കാർ, എയ്ഡഡ് സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം സൗജന്യമായി നൽകുന്ന ഒരു പുതിയ പദ്ധതി സർക്കാർ രൂപീകരിച്ചു. ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ സ്കൂൾ കുട്ടികൾക്ക് യൂണിഫോം നൽകുക എന്നതിനു പുറമേ കൈത്തറി മേഖലയിലെ നെയ്ത്തുകാർക്ക് വർഷത്തിൽ കുറഞ്ഞത് 200 ദിവസമെങ്കിലും ജോലി നൽകി അവരുടെ വേതനം വർദ്ധിപ്പിക്കാനും ലക്ഷ്യമിട്ടിരിക്കുന്നു. |

| | | | |
|---|---|---|---|
| (ബി) | സർക്കാർ/എയിഡഡ് മേഖലയിലെ വിദ്യാർത്ഥികൾക്ക് കൈത്തറി യൂണിഫോം നൽകാൻ പദ്ധതി ആലോചനയിലുണ്ടോ എന്ന് വ്യക്തമാക്കാമോ? | (ബി) | സംസ്ഥാനത്തെ സർക്കാർ സ്കൂളുകളിലെ ഒന്നു മുതൽ അഞ്ച് വരെയുള്ള ക്ലാസുകളിലെ വിദ്യാർത്ഥികൾക്ക് 2 ജോഡി കൈത്തറി യൂണിഫോം തുണി സൗജന്യമായി ഒന്നാം ഘട്ടം 2017-18 അദ്ധ്യയന വർഷത്തിൽ നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇതിന് ആവശ്യമായ തുണി വിവിധ ജില്ലകളിലെ കൈത്തറി സംഘങ്ങളിൽ നെയ്ത്ത് വരുന്നുണ്ട്. രണ്ടാം ഘട്ടം 1 മുതൽ 8 വരെയുള്ള വിദ്യാർത്ഥികൾക്ക് (സർക്കാർ-എയ്ഡഡ് സ്കൂളുകൾ) 2018-19 അദ്ധ്യയന വർഷം മുതൽ നൽകുവാനും പദ്ധതി വിഭാവനം ചെയ്യുന്നു. |

**സെക്ഷൻ ഓഫീസർ**